(സി) ഇതുസംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും ഏതെല്ലാം കേസുകളിൽപ്പെട്ട എത്ര പ്രതികളെ ശിക്ഷിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

(എ) സ്പിരിറ്റ് കള്ളത്തടത്ത് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എല്ലാ ചെക്ക് പോസ്റ്റുകളിലും ഉദ്യോഗസ്ഥൻമാരെ നിയോഗിച്ച് 24 മണിക്കൂറും വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന വീടുകൾ, കെട്ടിടങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

(സി) ജില്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ കീഴിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ഏർപ്പെടുത്തി നൈറ്റ് പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്പിരിറ്റ് കള്ളക്കടത്ത് തുടങ്ങിയ അബ്കാരി കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് എല്ലാ ജില്ലകളിലും എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോകൾ പ്രവർത്തിച്ചു വരുന്നു.

(ഡി) 1/05 മുതൽ 12/05 വരെ പിടികൂടിയ സ്പിരിറ്റിന്റെ ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. †

(ഇ) കേസ്സുകളുടേയും ശിക്ഷിക്കപ്പെട്ട പ്രതികളുടേയും വിശദവിവരം ശേഖരിച്ചു ഉടൻ നൽകുന്നതാണ്.

2005-2006, 2006-2007 വാർഷിക പദ്ധതിയുടെ അടങ്കൽ തുകകൾ

47 [504] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ 2006-07-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) 2006-07-ലെ വാർഷിക പദ്ധതിയിൽ ഓരോ മേഖലയ്ക്കും നീക്കിവച്ചിട്ടുള്ള വിഹിതം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം മേഖലകൾക്കാണ് മുൻഗണന നൽകിയിരിക്കുന്നത് ;

(ഡി) 2005-06-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ എത്രയായിരുന്നു; പ്രസ്തുത വാർഷിക പദ്ധതിയിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തു തുകയാണ് വെട്ടിക്കുറച്ചത്; ഇത് എത്ര ശതമാനമാണ് ;

(ഇ) ഓരോ മേഖലയിലും വികസനത്തിനുവേണ്ടി ചെലവഴിച്ച തുക എത്ര വീതമെന്ന് പറയാമോ ?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തിന്റെ 2006-07-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ബഹു. ധനകാര്യമന്ത്രി ഫെബ്രുവരി 10-ാം തീയതി അസംബ്ലിയിൽ അവതരിപ്പിച്ച ബഡ്ജറ്റ് രേഖകളിൽ നിന്നും ലഭ്യമാണ്.

(ബി) ബഹു. ധനകാര്യമന്ത്രി ഫെബ്രുവരി 10-ാം തീയതി അസംബ്ലിയിൽ അവതരിപ്പിച്ച ബഡ്ജറ്റ് രേഖകളിൽ നിന്നും ലഭ്യമാണ്.

(സി) ബഹു. ധനകാര്യമന്ത്രി ഫെബ്രുവരി 10-ാം തീയതി അസംബ്ലിയിൽ അവതരിപ്പിച്ച ബഡ്ജറ്റ് രേഖകളിൽ നിന്നും ലഭ്യമാണ്.

(ഡി) 2005-06-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ തുക 5369 കോടി രൂപയായിരുന്നു. വാർഷിക പദ്ധതിയിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല.

(ഇ) ഓരോ മേഖലയിലും വികസനത്തിനായി 31-12-2005 വരെ ചെലവഴിച്ച തുകയുടെ താൽക്കാലിക കണക്കുകൾ താഴെ പറയും പ്രകാരമാണ്:

(തുക കോടിയിൽ)

മേഖല	ചെലവ്
1. കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും	108.37 *
2. ഗ്രാമവികസനം	59.44
3. സഹകരണം	3.87
4. ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും	85.04
5. വൈദ്യുതി	366.76
6. വ്യവസായവും ധാതുക്കളും	103.68
7. ഗതാഗതവും വാർത്താ വിനിമയവും	457.64
8. ശാസ്ത്ര സർവ്വീസുകളും ഗവേഷണവും	20.39
9. സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ	353.25
10. സാമ്പത്തിക സർവ്വീസുകൾ	17.64
11. ജനറൽ സർവ്വീസുകൾ	28.63
12. തദ്ദേശ സ്വയംഭരണ സർക്കാരുകൾക്ക് പ്രാദേശിക ആസൂത്രണത്തിനുള്ള പദ്ധതി വിഹിതം	357.36

*CPMUവിൽ നിന്നും ലഭ്യമായ താൽക്കാലിക കണക്ക് പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly